**പതിനഞ്ചാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**ബുള്ളറ്റിൻ -ഭാഗം II**

2021 ജൂലൈ 8

നം.48

**അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതി പ്രമേയങ്ങൾക്കും അനൗദ്യോഗിക പ്രമേയങ്ങൾക്കും നോട്ടീസ് നൽകുന്നതിനും അവതരിപ്പിക്കുന്നതിനുമുള്ള നറുക്കെടുപ്പ് സംബന്ധിച്ച സമയക്രമം**

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിന്റെ കലണ്ടർ പ്രകാരം 2021 ജൂലൈ 23, 30, ആഗസ്റ്റ് 6, 13 എന്നീ തീയതികളിൽ അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സഭയിൽ ചർച്ചയ്ക്ക് വരുന്നതാണെന്ന വിവരം അംഗങ്ങളെ അറിയിക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കറുടെ, 1993 മെയ് 10- ാം തീയതിയിലെ ഡയറക്ഷൻ നമ്പർ 15 പ്രകാരം ആദ്യ വെള്ളിയാഴ്ച ,അനൗദ്യോഗിക ബില്ലുകളും തുടർന്നുള്ള ഒന്നിടവിട്ട വെള്ളിയാഴ്ചകളിൽ യഥാക്രമം അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും ചർച്ചയ്ക്ക് വരുന്നതാണ്. അതിൻപ്രകാരം 2021 ജൂലൈ 23, ആഗസ്റ്റ് 06 എന്നീ തീയതികളിൽ അനൗദ്യോഗിക ബില്ലുകൾ അവതരിപ്പിക്കുന്നതിന് അർഹതപ്പെട്ട അംഗങ്ങളുടെ പേരും മുൻഗണനാക്രമവും നറുക്കെടുപ്പിലൂടെ നിർണ്ണയിക്കുന്നതാണ്. നറുക്കെടുപ്പിൽ പേര് ചേർക്കാൻ ആഗ്രഹിക്കുന്ന അംഗങ്ങൾ അതിനായി നോട്ടീസ് (ബിൽ സഹിതം) നൽകേണ്ട അവസാന തീയതിയും നറുക്കെടുപ്പ് നടത്തുന്ന തീയതിയും കാണിക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | അനൗദ്യോഗിക ബില്ലുകൾക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസം | നറുക്കെടുപ്പിൽ ബില്ലുകൾ ചേർക്കുന്നതിന് നോട്ടീസ് നൽകേണ്ട തീയതി (ബിൽ സഹിതം) | നറുക്കെടുപ്പ് നടത്തുന്ന തീയതി |
|---|---|---|---|
| 1 | 2021 ജൂലൈ 23, വെള്ളി | 2021 ജൂലൈ 12, തിങ്കൾ | 2021 ജൂലൈ 15 , വ്യാഴം |
| 2 | 2021 ആഗസ്റ്റ് 6, വെള്ളി | 2021 ജൂലൈ 21, ബുധൻ | 2021 ജൂലൈ 29, വ്യാഴം |

മുൻ ഖണ്ഡികയിൽ സൂചിപ്പിച്ച ഡയറക്ഷൻ പ്രകാരം 2021 ജൂലൈ 30, ആഗസ്റ്റ് 13 എന്നീ തീയതികളിൽ അനൗദ്യോഗിക പ്രമേയങ്ങൾ സഭയിൽ ചർച്ചയ്ക്ക് വരുന്നതാണ്. പ്രസ്തുത ദിവസങ്ങളിൽ പ്രമേയം അവതരിപ്പിക്കുന്നതിന് അർഹതപ്പെട്ട അംഗങ്ങളുടെ പേരും മുൻഗണനാക്രമവും നറുക്കെടുപ്പിലൂടെ നിർണ്ണയിക്കുന്നതാണ്.

നറുക്കെടുപ്പിൽ അർഹരാകുന്ന ആദ്യത്തെ മൂന്ന് അംഗങ്ങൾക്ക് ഓരോ പ്രമേയത്തിനു വീതം നോട്ടീസ് നൽകാവുന്നതാണ്. നറുക്കെടുപ്പിൽ പേര് ചേർക്കാൻ ആഗ്രഹിക്കുന്ന അംഗങ്ങൾ അതിനായി നോട്ടീസ് നൽകേണ്ട അവസാന തീയതിയും നറുക്കെടുപ്പ് നടത്തുന്ന തീയതിയും നറുക്കെടുപ്പിൽ അർഹരാകുന്ന അംഗങ്ങൾ പ്രമേയത്തിന് നോട്ടീസ് നൽകേണ്ട അവസാന തീയതിയും കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

| അനൗദ്യോഗിക പ്രമേയങ്ങൾക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസം | നറുക്കെടുപ്പിൽ പേര് ചേർക്കുന്നതിന് നോട്ടീസ് നൽകേണ്ട തീയതി | നറുക്കെടുപ്പ് നടത്തുന്ന തീയതി | നറുക്ക് കിട്ടുന്ന അംഗങ്ങൾ പ്രമേയത്തിന് നോട്ടീസ് നൽകേണ്ട തീയതി |
|---|---|---|---|
| 2021 ജൂലൈ 30 വെള്ളി | 2021 ജൂലൈ 19 തിങ്കൾ | 2021 ജൂലൈ 21 ബുധൻ | 2021 ജൂലൈ 23 വെള്ളി |
| 2021 ആഗസ്റ്റ് 13 വെള്ളി | 2021 ആഗസ്റ്റ് 2 തിങ്കൾ | 2021 ആഗസ്റ്റ് 4 ബുധൻ | 2021 ആഗസ്റ്റ് 6 വെള്ളി |

അനൗദ്യോഗിക ബില്ലുകളുടെ / പ്രമേയങ്ങളുടെ മുൻഗണനാക്രമം നിർണ്ണയിക്കുന്നതിനുള്ള നറുക്കെടുപ്പ് മുകളിൽ കൊടുത്തിരിക്കുന്ന പട്ടികകളിൽ പറയുന്ന തീയതികളിൽ വൈകുന്നേരം 4.00 മണിക്ക് ലെജിസ്ലേഷൻ വിഭാഗം ഡെപ്യൂട്ടി സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ (റൂം. നമ്പർ 408, നിയമസഭാ മന്ദിരം) വച്ച് നടത്തുന്നതാണ്.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.

# FIFTEENTH KERALA LEGISLATIVE ASSEMBLY

SECOND SESSION

BULLETIN - PART II

8th July 2021

No.48

***Time Schedule of Ballot to determine priority of Members giving notice for moving motions for leave to introduce Private Members' Bills and for introducing Private Members' Resolutions.***

Members are hereby informed that the days allotted for transacting Private Members' Business are on 23rd & 30th of July and 6th & 13th of August 2021 as per the Calendar of Sittings of the Second Session of the Fifteenth Kerala Legislative Assembly. The Private Members' Business will come up in such a manner that the business relating to Private Members' Bills and that relating to Private Members' Resolutions shall be taken up for discussion on alternate Fridays commencing with the business relating to Private Members' Bills as per Direction No.15 of the Hon'ble Speaker dated 10th May , 1993. As such, the business relating to Private Members' Bills will come up on 23rd of July and 6th August of 2021. The relative precedence of Members entitled to move Bills on the allotted day will be determined by ballot. The last date for giving notice for Bills (with copy of Bills) and the date of ballot is as shown in the table below.

| Sl. No | Date of discussion of Private Members' Bills | Last date for giving notice for Bills to be included in the Ballot (With Copy of Bills) | Date of Ballot |
|---|---|---|---|
| 1 | 2021 July 23 Friday | 2021 July 12 Monday | 2021 July 15 Thursday |
| 2 | 2021 August 6 Friday | 2021 July 21 Wednesday | 2021 July 29 Thursday |

As per the Direction mentioned in pre-para, the business relating to Private Members' Resolutions will come up on 30th of July and 13th of August 2021. The relative precedence of Members entitled to move resolutions on the allotted day will be determined by ballot.

The Members who secure the first three places in the ballot for resolutions may give notice for one resolution each. The last day on which notice is to be given for including the names of Members in the ballot, the date of ballot and the date before which a Member who wins in the ballot has to give notice for the resolutions are as shown in the table given below.

| Sl. No | Date of discussion of Private Members' Resolutions | Last date for giving notice for names to be included in the Ballot | Date of Ballot | Date before which notice of resolution has to be given by Members getting priority in the Ballot |
|---|---|---|---|---|
| 1 | 2021 July 30 Friday | 2021 July 19 Monday | 2021 July 21 Wednesday | 2021 July 23 Friday |
| 2 | 2021 August 13 Friday | 2021 August 2 Monday | 2021 August 4 Wednesday | 2021 August 6 Friday |

The ballot to determine the relative precedence of Private Members' Bills and Resolutions will be held in the Office of the Deputy Secretary, Legislation (Room No.408, Assembly Building) at 4.00 pm on the dates mentioned in the above tables.

**S.V. Unnikrishnan Nair,**
**Secretary.**